(ഇ) ഉണ്ട്.

(എഫ്) ജലവൈദ്യുത പദ്ധതികൾക്ക് മുൻതൂക്കം നൽകികൊണ്ട് ഉൽപ്പാദനരംഗം ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

പൂർത്തിയാകാത്ത ജലവൈദ്യുത പദ്ധതി

86 (1753) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഏതെല്ലാം ജലവൈദ്യുതി പദ്ധതികളാണ് ഇനിയും പൂർത്തിയാവാനുള്ളത് ;

(ബി) അവ പൂർത്തിയാകുമ്പോൾ എത്ര മെഗാവാട്ട് കറന്റ് കൂടുതൽ ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിശദവിവരം ചുവടെ ചേർക്കുന്നു.

വൈദ്യുതിബോർഡിന്റെ പദ്ധതികൾ

കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതി - 1 X 50 മെ.വാട്ട്.

കുറ്റ്യാടി ടെയിൽറേസ് പദ്ധതി - 3 X1.25 മെ.വാട്ട്.

മലങ്കര ചെറുകിട ജലവൈദ്യുത പദ്ധതി - 3 X 3.5 മെഗാവാട്ട്

അഴുത ഡൈവർഷൻ പദ്ധതി - 57 മില്യൻ യൂണിറ്റ്

വഴിക്കടവ് ഡൈവർഷൻ പദ്ധതി - 24 മില്യൻ യൂണിറ്റ്

കുറ്റിയാർ ഡൈവർഷൻ പദ്ധതി - 37 മില്യൻ യൂണിറ്റ്

വടക്കേപ്പുഴ ഡൈവർഷൻ പദ്ധതി - 12.3 മില്യൻ യൂണിറ്റ്

കുറ്റ്യാടി ഡൈവർഷൻ പദ്ധതി - 223

സ്വകാര്യമേഖലയിലെ പദ്ധതികൾ

ഉള്ളുങ്കൽ	- 7 മെഗാവാട്ട്
കുത്തുങ്കൽ	- 21 മെഗാവാട്ട്
കാരിക്കയം	- 15 മെഗാവാട്ട്
ഭൂതത്താൻകെട്ട്	- 16 മെഗാവാട്ട്

ജലവൈദ്യുതപദ്ധതികൾ

87 (1754) ശ്രീ. പി. ജെ. ജോയി :
ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. കെ. മുഹമ്മദാലി :
ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന വൈദ്യുതി ബോർഡ് നിർമ്മിക്കാനുദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികൾക്കുവേണ്ടി ഒട്ടാകെ എന്തു ചെലവു പ്രതീക്ഷിക്കുന്നു ;

(ബി) ഈ തുക എപ്രകാരം കണ്ടെത്തുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിശദവിവരം ചുവടെ ചേർക്കുന്നു.

പദ്ധതിയുടെ പേര്	എസ്റ്റിമേറ്റ് തുക
ആതിരപ്പള്ളി (പുതുക്കിയ പ്രോജക്ട് റിപ്പോർട്ടുപ്രകാരം 1996-ലെ PWD ഷെഡ്യൂൾ അടിസ്ഥാനമാക്കി)	315.90 കോടി രൂപ
കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ	220.50 കോടി രൂപ
നേര്യമംഗലം എക്സ്റ്റൻഷൻ	47.76 കോടി രൂപ
ചെങ്കുളം ആഗ്മെന്റേഷൻ	16.75 കോടി രൂപ
കുറ്റ്യാടി എക്സ്റ്റൻഷൻ	81.78 കോടി രൂപ
കുറ്റ്യാടി ടെയിൽറേസ്	11.45 കോടി രൂപ
ചെമ്പുകടവ് സ്റ്റേജ് 1	9.55 കോടി രൂപ
ആകെ	703.69 കോടി രൂപ

(ബി) ആവശ്യമായ തുക സർക്കാർ വായ്പയ്ക്കു പുറമേ ബോർഡിന്റെ ആഭ്യന്തര വിഭവസമാഹരണത്തിലൂടെയും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ മുഖാന്തിരവും ഫിനാൻഷ്യൽ പാക്കേജിന്റെ അടിസ്ഥാനത്തിലും ബോണ്ടുകൾ പുറപ്പെടുവിച്ചുമാണ് സ്വരൂപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

വൈദ്യുതി നിരക്ക്

88 (1755) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കെ. എസ്. ഇ. ബി. യിൽ ഓരോ ഇനത്തിനും വൈദ്യുതി നിരക്ക് എത്രയായിരുന്നു ;

(ബി) 2000 ഫെബ്രുവരി മാസത്തിൽ നിരക്ക് എത്രയാണെന്ന് ഓരോ തരം കണക്ഷന്റേയും ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(സി) വൈദ്യുതി ചാർജ്ജ് ഇനിയും വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly